www.malankaralibrary.com

ഏപ്രിൽ
2023
ലക്കം 4

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



ഉത്ഥാനത്തിരുനാൾ ആശംസകൾ

www.malankaralibrary.com



# എഡിറ്റോറിയൽ

ഉയിർപ്പ് തിരുനാൾ മാനവരാശിയെ സംബന്ധിച്ച്, പ്രത്യേകിച്ച് ക്രൈസ്തവരായ നാമോരോരുത്തരെയും സംബന്ധിച്ചും പ്രത്യാശയുടെയും സന്തോഷത്തിന്റെയും വലിയ തിരുനാളാണ്. മനുഷ്യരാശിയ്ക്ക് വേണ്ടി ക്രൂശിൽ മരിച്ച യേശുക്രിസ്തു മരിച്ചവർക്കിടയിൽ നിന്ന് ഉയർത്തെഴുന്നേറ്റ് ലോകത്തിന് രക്ഷ പ്രദാനം ചെയ്തു.

50 ദിവസത്തെ നോമ്പ് മുറിച്ച് വിരുന്നോടുകൂടി യേശുവിന്റെ ഉയർത്തെഴുന്നേൽപ്പിനെ ക്രൈസ്തവർ ആഘോഷമാക്കുമ്പോഴും അതിനുമപ്പുറം ഈസ്റ്റർ പ്രത്യാശയുടെയും പുതുക്കലിന്റെയും സമയമായതിനാൽ, ആളുകൾ പരസ്പരം ഈസ്റ്റർ ആശംസിക്കുകയും ചെയ്യുന്നു.

ഉയിർപ്പ് തിരുനാൾ നമ്മുടെ ജീവിതത്തിലേക്ക് തരുന്ന കുറേയധികം സന്ദേശങ്ങൾ ഉണ്ട്. കർത്താവിന്റെ ജനനം മുതൽ കുരിശുമരണം വരെയുള്ള അവന്റെ ജീവിതയാത്രയും സഹനങ്ങളിലും സന്തോഷങ്ങളിലും അവന്റെ ഒപ്പമായിരുന്ന പരിശുദ്ധ കന്യകമറിയവും കൂടെ നിന്നവർ ഒറ്റിക്കൊടുത്തപ്പോഴും തള്ളിപ്പറഞ്ഞപ്പോഴും ചേർത്ത് നിർത്തുവാൻ അവൻ കാണിച്ച ആ വലിയ മനസ്സിന്റെ സ്നേഹവും വലിയൊരു തിരിച്ചറിവാണ് നമുക്ക് നൽകുന്നത്. അവന്റെ കാൽവരി യാത്രയിൽ കുരിശു ചുമക്കാൻ സഹായിച്ച ശിമയോനെ പോലെ നമ്മുടെ വേദനകളിലും ദുഃഖങ്ങളിലും നമ്മോടൊപ്പം ആയിരിക്കുവാൻ എത്ര പേരുണ്ടായിരിക്കും എന്ന് തിരിച്ചറിവ് നൽകുന്ന സമയം, അവന്റെ മുഖം തുടയ്ക്കുവാൻ തുവാല നൽകിയ വെറോനിക്കായെപോലെ നമുക്ക് ഒരു തളർച്ച വരുമ്പോൾ നമ്മുടെയടുത്ത് എത്രപേരുണ്ടാകും എന്ന് മനസ്സിലാക്കുന്ന സമയം. ജീവിതത്തിന്റെ പല സാഹചര്യങ്ങളിലും കൂടെ നിൽക്കുന്നവർ തള്ളിപ്പറയുമ്പോഴും ഒറ്റപ്പെടുത്തുമ്പോഴും ഓർക്കുക ആരൊക്കെ നമ്മോടൊപ്പം ചേർന്ന് നിൽക്കുമെന്ന്, കുരിശു യാത്രയിൽ യേശു പലവട്ടം നിലത്ത് വീണപ്പോഴും വീണ്ടും അവൻ ഉയർപ്പിലേക്ക് നോക്കി മുന്നോട്ടു നടന്നു നീങ്ങി. ഈ ഉയർപ്പ് നമുക്ക് നൽകുന്ന സന്ദേശവും അതുതന്നെയാണ്.

ജീവിതത്തിൽ പല പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോഴും പലപ്പോഴും വീണുപോകുമ്പോഴും, ഒറ്റപ്പെടുമ്പോഴും തളർന്നുപോകാതെ ഈ ഉയർപ്പിന്റെ പ്രതീക്ഷയോടും പ്രത്യാശയോടും കൂടി ആത്മാവിനെ സ്നേഹത്താലും ഹൃദയത്തെ അനുകമ്പയാലും നിറച്ചുകൊണ്ട് നമുക്കും യാത്ര ചെയ്യാം.

എല്ലാവർക്കും ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു.

സ്നേഹപൂർവ്വം
സുബിൻ തോമസ്
സഭാതല ജനറൽ സെക്രട്ടറി
ചീഫ് എഡിറ്റർ





www.malankaralibrary.com





# Presidential Desk

പ്രത്യാശയുടെ സന്തോഷം ഹൃദയത്തെ വല്ലാതെ ആനന്ദഭരിതമാക്കാറുണ്ട്. ആധുനികലോകം പ്രത്യാശക്ക് വ്യത്യസ്തമായ മാനം നൽകുമ്പോൾ, ക്രിസ്തുവിൽ പ്രത്യാശ കണ്ടെത്തുവാൻ ആഗ്രഹിക്കുന്ന ഒരു തലമുറ ഏറെക്കുറെ നമ്മിൽ നിന്ന് അന്യമായി കൊണ്ടിരിക്കുന്നു. സാങ്കേതികവിദ്യയുടെ അതിപ്രസരം പലപ്പോഴും നൂതനമായ പലതിനെയും പ്രത്യാശ വയ്ക്കാൻ നമ്മെ പഠിപ്പിക്കുന്നുണ്ട്. വിശുദ്ധ ബൈബിളിലൂടെ കണ്ണോടിക്കുമ്പോൾ ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പിൽ പ്രത്യാശ വയ്ക്കാനാണ് ആദ്യകാല മുതലേ ദൈവം നമ്മെ ഉദ്ബോധിപ്പിക്കുന്നത്. യുവത്വത്തിന്റെ ആനന്ദത്തിൽ, തിടുക്കത്തിൽ ഉണർന്നു മുന്നേറുവാൻ വിളിക്കപ്പെട്ട നാം ഓരോരുത്തരും പ്രത്യാശ വയ്ക്കേണ്ടതും ഉത്ഥിതനായ ക്രിസ്തുവിൽ തന്നെയാണ്. നമ്മുടെ ജീവിതത്തിലെ പ്രതിസന്ധികളിൽ ഉത്തരങ്ങൾ കണ്ടെത്താൻ നമ്മൾ നമ്മോട് തന്നെ ആവശ്യപ്പെടുന്ന ഇന്നത്തെ കാലഘട്ടത്തിൽ, കുരിശിൽ നിന്ന് പുനരുദ്ധാനത്തിലേക്കുള്ള യാത്ര നമ്മെ ഓർമ്മപ്പെടുത്തുന്നത്, ക്രിസ്തുവിൽ നിന്ന് ഉത്തരം കണ്ടെത്തുവാനാണ്. എന്തിനും ഉടനടി ഉത്തരം വേണമെന്ന് ആഗ്രഹിക്കുന്ന ഒരു തലമുറയിലാണ് നാം നമ്മുടെ ക്രിസ്തു സാക്ഷ്യം പകർന്നു കൊടുത്തുകൊണ്ടിരിക്കുന്നത്, അവിടെ പ്രാർത്ഥനയോടെ ദൈവത്തെ കേൾക്കാൻ ഒരുപറ്റം യുവജനങ്ങൾ പ്രത്യാശയോടെ കാത്തിരിക്കുന്നുവെന്ന യാഥാർത്ഥ്യം അടുത്ത തലമുറയ്ക്ക് പകർന്നുകൊടുക്കാനുള്ള വലിയ ഉത്തരവാദിത്വം നമുക്കുണ്ട്.

സഭ വിവിധങ്ങളായ അക്രമണങ്ങളിലൂടെയും പ്രത്യക്ഷവും പരോക്ഷവുമായ വാഗ്വാദങ്ങളിലൂടെയും കടന്നുപോകുന്ന ഇന്നത്തെ കാലഘട്ടത്തിൽ, സഭയെ സംരക്ഷിക്കുവാനും കൈപിടിച്ച് നടത്തുവാനും വരുംതലമുറയ്ക്ക് സഭയുടെ യാഥാർത്ഥ്യത്തെ കാണിച്ചു കൊടുക്കുവാനുമുള്ള വലിയ ഉത്തരവാദിത്വം നമ്മുടെ കൈകളിലാണ്. ആ കടമ ഏറ്റവും ഭംഗിയായി പൂർത്തിയാക്കുവാൻ യുവജനങ്ങൾക്ക് വളരെയധികം സാധിക്കും. തെറ്റായ പ്രബോധനങ്ങൾക്ക് പിന്നാലെ ചെല്ലാതെ ശരിയിൽ നിന്നുകൊണ്ടുതന്നെ ക്രിസ്തുവിന് പകർന്നു കൊടുക്കുവാൻ ക്രൈസ്തവസഭയെ മുറുകെ പിടിക്കുവാൻ ഒപ്പമുള്ള യുവജനങ്ങളുടെ കൂടെ നടക്കുവാൻ നമുക്ക് സാധിക്കട്ടെ.

ഈ ഉയർപ്പ് കാലഘട്ടം ഏറെ അനുഗ്രഹീതമാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

**എയ്ഞ്ചൽ മേരി**
എം.സി.വൈ.എം. പ്രസിഡന്റ്

www.malankaralibrary.com



# ഉയിർപ്പിന്റെ നാൾവഴി



**ജസ്റ്റിൻ പി സ്റ്റീഫൻ, കരകുളം**
പ്രസിഡന്റ്
എം.സി.വൈ.എം. നെടുമങ്ങാട് വൈദിക ജില്ല
തിരുവനന്തപുരം മേജർ അതിഭദ്രാസനം

ക്രിസ്തുവിശ്വാസത്തിൽ അടിയുറച്ച് ജീവിക്കുവാനും ഈ ഭൂമിയിലെ ഹ്രസ്വകാലം കൊണ്ട് സൃഷ്ടാവാം ദൈവത്തിനുതകുന്ന ജീവിതം ജീവിക്കുവാനും നമ്മെ പ്രേരിപ്പിയ്ക്കുന്ന മനുഷ്യവർഗ്ഗം കണ്ട ഏറ്റവും വലിയ അത്ഭുതമായ ഉത്ഥാനത്തിന്റെ മംഗളങ്ങൾ നേരുന്നു.

പല ലക്ഷ്യങ്ങളെ മുന്നിൽ കണ്ടുകൊണ്ടാണ് ഓരോ മനുഷ്യനും തന്റെ ജീവിതത്തെ മുന്നോട്ടു കൊണ്ടുപോകുന്നത്. ഓരോ ദിവസവും അവൻ കടന്നു പോകുന്നത് ലക്ഷ്യത്തിൽ എത്തിച്ചേരുവാനും പുതിയത് കണ്ടെത്തുവാനും അവയെ നിലനിർത്തുവാനുമുള്ള ചിന്തകളും പ്രയത്നങ്ങളുമായിട്ടാണ്. എന്നാൽ അധിക ശതമാനം ചിന്തകളും പ്രവർത്തികളും സ്വന്തം ജീവിത സുഖസൗകര്യങ്ങൾക്ക് വേണ്ടി മാത്രമുള്ളതായിരിക്കും. അതിവേഗം സഞ്ചരിക്കുന്ന ഈ കാലചക്രത്തിൽ മനുഷ്യന് തന്നെക്കുറിച്ച് പോലും ചിന്തിക്കുവാൻ സമയം തികയുന്നില്ല എന്നതാണ് സത്യം. അങ്ങനെയുള്ളപ്പോൾ മറ്റുള്ളവന് വേണ്ടി ചിന്തിക്കാൻ എങ്ങനെയാണ് സാധിക്കുക...?

ബത്‌ലഹേം മുതൽ ഗാഗുൽത്താ മലവരെയും കാനായിലെ വെള്ളം വീഞ്ഞാക്കൽ മുതൽ ഉയർത്തെഴുന്നേൽപ്പ് വരെയും നസ്രായൻ യാത്ര ചെയ്തത് കാലചക്രത്തിന്റെ വേഗതയ്ക്കനുസരിച്ചല്ല. മറിച്ച് ദൈവീക വേഗത്തിനനുസരിച്ചാണ്. ആ വേഗത വെറും 33 വർഷക്കാലം മാത്രമായിരുന്നു. എന്നാൽ ഈ 33 വർഷക്കാലവും ക്രിസ്തു ചിന്തിച്ചതും പ്രവർത്തിച്ചതും അപരന്റെ നന്മയ്ക്ക് വേണ്ടി മാത്രമായിരുന്നു എന്ന് ബൈബിൾ സാക്ഷ്യപ്പെടുത്തുന്നു. ആ പ്രത്യേകതയ്ക്ക് കാരണം ദൈവവുമായുള്ള അഭേദ്യമായ ബന്ധമാണ്. ഈ ബന്ധം പലപ്പോഴും നമ്മുടെ ജീവിതങ്ങളിൽ വിച്ഛേദിക്കപ്പെടാറുണ്ട്. അതിനു കാരണം ക്രിസ്തുവിന്റെ ഉത്ഥാനത്തിലുള്ള അറിവില്ലായ്മയും നമ്മുടെ സൗകര്യങ്ങൾക്ക് മുൻപിൽ പതറി പോകുമ്പോൾ ഉണ്ടാകുന്ന അവിശ്വാസവുമാണ്. ജനനം മുതൽ മരണം വരെ അനേക പരീ

www.malankaralibrary.com




ക്ഷണങ്ങളിലൂടെയും പരീക്ഷകളിലൂടെയും അവൻ കടന്നു പോയപ്പോഴും ദൈവവുമായുള്ള ബന്ധത്തിൽ യാതൊരു വിള്ളലും ഉണ്ടായിരുന്നില്ല. ഒടുവിൽ മരണമുഖത്ത് എത്തുമ്പോഴും ക്രിസ്തു തന്റെ പിതാവിനെ തള്ളി പറഞ്ഞില്ല.

ബത്ലഹേമിലെ പുൽതൊഴുത്ത് ഒരു രാജാവിനെ സംബന്ധിച്ചിടത്തോളം ഒരിക്കലും സന്ദർശിക്കാൻ പോലും മനസ്സുവരാത്ത ഒരിടമാണ്.എന്നാൽ ബാഹ്യമായ വൃത്തിയിലല്ല ദൈവത്തിന്റെ ദൃഷ്ടിയെന്ന് ആ തിരുജനനത്തിലൂടെ വെളിവാക്കപ്പെടുകയാണ് ചെയ്യുന്നത്.അവിടെ തുടങ്ങുന്ന യാത്രയുടെ ഓരോ അണുവിലും ക്രിസ്തു കാട്ടി തന്നത് 'ഇതൊന്നും ഒന്നിനെന്റെയും അവസാനമല്ല' എന്നതാണ്. കാനായിലെ വീഞ്ഞ് തീർന്ന് കുടുംബം അപഹാസ്യരാകുമ്പോൾ അവിടെ അത്ഭുതം കാട്ടിയ ക്രിസ്തു പറഞ്ഞത് വെള്ളവും വീഞ്ഞായി മാറും, ഇതൊരു അവസാനമല്ല എന്നാണ്. കാഴ്ചയുടെ ലോകം അടഞ്ഞുപോയ അന്ധനോടും ക്രിസ്തു പറയാതെ പറഞ്ഞത് ഇതൊരവസാനമല്ല നിനക്കും കാഴ്ചയുടെ നാളുകൾ ഉണ്ടാകുമെന്നാണ്. മുടന്തനോട് നിനക്ക് നടക്കാൻ ഒരു കാലമുണ്ടാകുമെന്നും കൂനിയായ സ്ത്രീക്ക് നിവർന്നു നിൽക്കാൻ ഒരു കാലമുണ്ടാകുമെന്നും നായിനിലെ സ്ത്രീയുടെ ദുഃഖത്തിനു മുന്നിൽ നിനക്ക് സന്തോഷത്തിന്റെ ഒരു കാലമുണ്ടാകുമെന്നും, സഹോദരന്റെ വേർപാടിൽ ദുഃഖിച്ച മാർത്തക്കും മറിയയ്ക്കും കണ്ണീര് തുടയ്ക്കാൻ ഒരു കാലമുണ്ടാകുമെന്നും ക്രിസ്തു കാണിച്ചുകൊടുക്കുകയല്ലായിരുന്നുവോ.? ഇവിടെയെല്ലാം അവൻ പറഞ്ഞത് ഇതൊന്നും ഒന്നിന്റെയും അവസാനമല്ല എന്ന് തന്നെയല്ലേ. ജീവിതത്തിന്റെ വിവിധ ഏടുകളിൽ നാം തകർന്നു പോകുമ്പോൾ നമ്മുടെ ഉള്ളിലിരുന്ന് അവൻ പറയുന്നതും ഇതുതന്നെയായിരിക്കും. കാരണം വിശുദ്ധ ലിഖിതത്തിലുടനീളം എഴുതി വച്ചിരിക്കുന്നത് ഇനിയും പ്രതീക്ഷയ്ക്ക് വകയുണ്ട് എന്ന ധ്വനിയാണ്.

കാനായിൽ വെള്ളം വീഞ്ഞാക്കിയതിലൂടെ ഒരു വസ്തുവിന്റെ സ്വാഭാവിക സത്തയ്ക്ക് മാറ്റം വരുത്താനും... കടലിനു മീതെ നടന്നതിലൂടെ തനിക്ക് സ്വയം തന്റെ ശരീരത്തെ രൂപാന്തരപ്പെടുത്താൻ സാധിയ്ക്കുമെന്നുമുള്ള അവന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു. എന്തിനെന്ന് ചോദിച്ചാൽ പെസഹാനാളിൽ അപ്പമെടുത്ത് തന്റെ ശരീരം ആണിത് എന്ന് പറഞ്ഞ് നൽകുമ്പോൾ അത് തന്റെ ശരീരമായി മാറുമെന്നു കാലങ്ങൾക്ക് മുന്നേ തന്നെ തെളിയിക്കുന്നതിനും വീഞ്ഞ് തന്റെ രക്തമാണെന്ന് പറഞ്ഞ് നൽകുമ്പോൾ അത് രക്തമായി മാറുമെന്നും അപ്രകാരം മാറ്റുവാനും സ്വയം മാറ്റത്തിന് തന്റെ ശരീരത്തിന് സാധിക്കുമെന്നും നമ്മെ ബോധ്യപ്പെടുത്തുന്നതിനു വേണ്ടി കൂടിയാണ്. ഇന്ന് നാം അർപ്പിക്കുന്ന ബലിയിൽ സഭ പഠിപ്പിക്കുന്ന

www.malankaralibrary.com



പോലെ എല്ലാം സംഭവിക്കുന്നുണ്ടെന്ന് ക്രിസ്തു അവന്റെ കാലഘട്ടത്തിലൂടെ തെളിവ് സഹിതം നൽകിയിട്ടാണ് സ്വർഗ്ഗത്തിലേക്ക് കടന്നു പോയിരിക്കുന്നത്. ഇപ്രകാരം ഇന്ന് സഭ അനുഷ്ഠിക്കുന്നതും പഠിപ്പിക്കുന്നതുമായ എല്ലാ കാര്യങ്ങൾക്കും വ്യക്തമായ അടയാളങ്ങളും തെളിവുകളും ഭൂമിയിൽ അവശേഷിപ്പിച്ചിട്ടാണ് പിതാവിന്റെ സന്നിധിയിലേക്കവൻ പോയത്.

മനുഷ്യബുദ്ധിക്കതീതമാണ് ഉത്ഥാനമെന്ന സത്യം. എന്നാൽ മരിച്ചവരെയുയർപ്പിക്കാനും അഴുകിയ ശരീരത്തെ ജീവിപ്പിയ്ക്കാനും സാധിക്കുന്ന ദൈവീക ഇടപെടൽ സാക്ഷ്യപ്പെടുത്തുന്നത് മരണമല്ല അവസാനമെന്നാണ്. മരണത്തിനുമേൽ ക്രിസ്തുവിനധികാരമുണ്ടെന്ന് കാട്ടിത്തരുന്ന അത്ഭുതങ്ങൾ ബൈബിൾ വിവരിക്കുന്നുണ്ട്. എന്നാൽ അവ വെറും അത്ഭുതങ്ങളല്ല സംഭവിക്കാൻ പോകുന്നതിന്റെ മുന്നോടിയായുള്ള സാക്ഷ്യപ്പെടുത്തലുകളാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അപ്രകാരം ഈ ലോകത്തിൽ മരണത്തിനുമേൽ അധികാരമുള്ള ഒരുവൻ മാത്രമേ ജനിച്ചിരുന്നുള്ളൂ. അത് മറിയത്തിന്റെ പുത്രനായ ക്രിസ്തു മാത്രമാണ്. എന്നാൽ ആ അധികാരം എല്ലാ പഴുതുകളും അടച്ച് സാധൂകരിക്കുകയാണ് അവന്റെ ഉത്ഥാനത്തിലൂടെ. ആ ഉത്ഥാനത്തിൽ വിശ്വസിക്കാനാകാത്തവർ വിശുദ്ധ ബൈബിൾ ആദ്യന്ത്യം അവിശ്വാസത്തോടെ തന്നെ വായിച്ചാൽ അവരുടെ മാനുഷിക ബുദ്ധിയിൽ ഇപ്രകാരം ഒരു ചോദ്യം രൂപപ്പെടും, ഉത്ഥാനത്തിൽ എത്തിപ്പെട്ടില്ലായിരുന്നുവെങ്കിൽ ഈ മൂന്നുവർഷ പരസ്യ ജീവിതത്തിൽ അവൻ പ്രവർത്തിച്ച അത്ഭുതങ്ങളുടെ ആധാരമെന്ത്? കാരണം ഓരോ അത്ഭുതവും വിരൽചൂണ്ടുന്നത് ഇതൊരു അന്ത്യമല്ല ഇതിനപ്പുറം മറ്റൊന്നുണ്ട് എന്ന സത്യമാണ്. ആ പരമമായ സത്യമാണ് ഓരോ ക്രൈസ്തവന്റെയും ജീവിതത്തിന്റെ അടിസ്ഥാനം. വിശുദ്ധ പൗലോസ് ശ്ലീഹാ 'ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർഥം.' (1 കോറിന്തോസ് 15 : 14) ഇപ്രകാരം പറയുമ്പോൾ അവരുടെ പ്രസംഗമോ നമ്മുടെ വിശ്വാസമോ വ്യർത്ഥം എന്നല്ല അർത്ഥമാക്കുന്നത് മറിച്ച് യാഥാർത്ഥ്യത്തെ ഒരിക്കൽ കൂടി ബലപ്പെടുത്തുകയാണ് ചെയ്യുന്നത്.

ഈ ലോകത്തിലെ എല്ലാ മനുഷ്യരുടെയും സ്വാഭാവിക ജീവിതത്തിൽ ഉണ്ടാകുന്ന എല്ലാ പ്രതിസന്ധികൾക്കും മുൻപിൽ ജീവിക്കാനുള്ള ആത്മവിശ്വാസം നേടാൻ യഥാർത്ഥത്തിൽ പരസ്യ ജീവിതത്തിൽ നമുക്ക് നൽകിയിട്ടു പോയ അത്ഭുതങ്ങളെ കുറിച്ചുള്ള അറിവ് മാത്രം മതി. എന്നാൽ ക്രിസ്തുവിന്റെ അനുയായികളായ നമ്മെ സംബന്ധിച്ചിടത്തോളം ക്രിസ്തു ചെയ്ത അത്ഭുതങ്ങളെക്കാളുപരി അവന്റെ ഉത്ഥാനം നൽകുന്ന പ്രത്യാശയിലാണ് ജീവിതത്തെ ക്രമപ്പെടുത്തേണ്ടത്. ഓരോ ബലിയർപ്പണവും ഓരോ അത്ഭുതമാകുന്നതും ക്രിസ്തു സ്ഥാപിച്ച നാൾ മുതൽ ഇന്നുവരെ കത്തോലിക്കാ സഭ മോശം കാലഘട്ടങ്ങളെ അതിജീവിച്ചും 2000 ആണ്ടുകൾ പിന്നിട്ട് ഇന്നും നിലനിൽക്കുന്നതിന് ഒരൊറ്റ കാരണമേയുള്ളൂ അത് ക്രിസ്തുവിന്റെ ഉത്ഥാനം സത്യമാണ് എന്നതിനാൽ മാത്രമാണ്. ഉത്ഥാനത്തിലേക്ക് അവൻ പിന്നിട്ട വഴികളിലൂടെ നാം സഞ്ചരിച്ചാൽ തെല്ലും ലാഞ്ചന കൂടാതെ മരണം വരെ ആ ഉത്ഥാനത്തിൽ വിശ്വസിക്കാനുള്ള എല്ലാ അടയാളങ്ങളും ഈ ഭൂമിയിൽ നൽകിയിട്ടാണ് ഒടുവിലായി മരണത്തിന്റെമേൽ വിജയം വരിച്ച് നിത്യജീവനിലേക്കുള്ള വാതിൽ ക്രിസ്തു നമുക്കു മുൻപിൽ വെളിപ്പെടുത്തിയത്.

ഇതൊന്നും ഒന്നിന്റെയും അവസാനമല്ല. വരാനിരിക്കുന്ന നന്മകളുടെ മുന്നോടി മാത്രം. ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ സന്തോഷവും പ്രത്യാശയും നമ്മുടെ ജീവിതത്തെ ഭരിക്കട്ടെ.

ആ ഉത്ഥാന രഹസ്യം പ്രഘോഷിച്ചുകൊണ്ട്, ജീവിച്ചുകൊണ്ട് ക്രിസ്തുവിനെ പോലെ മറ്റുള്ളവന്റെ നന്മയ്ക്കുവേണ്ടി നമുക്ക് സമയം കണ്ടെത്താം.

www.malankaralibrary.com



**ജിഷ ജോസ്**
കെ.സി.വൈ.എം സംസ്ഥാന സിൻഡിക്കേറ്റ്,
പത്തനംതിട്ട ഭദ്രാസനം.

# സ്മരണകളുടെ ഉയിർപ്പ്...

**''ഞാനാണ് പുനരുത്ഥാനവും ജീവനും, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല.''**
**(യോഹ 11 :25 – 26)**

ദൈവപുത്രനായ യേശുവിന്റെ മരണത്തെ ജയിച്ച ഉത്ഥാനം പാപത്തിനുമേൽ നേടിയ വലിയ വിജയമാണ്.മനുഷ്യരാരും തങ്ങളുടെ പാപത്തെ പ്രതി നശിക്കാതിരിക്കാൻ യേശു മോചന ദ്രവ്യമായി തന്നെ സമർപ്പിച്ചു. ദൈവം സ്വപുത്രനിലൂടെ നമ്മുടെ പാപത്തെ കഴുകി കളഞ്ഞു.

ക്രിസ്തീയ വിശ്വാസികൾക്ക് യേശുവിന്റെ പുനരുത്ഥാനം വലിയ വിജയോത്സവമാണ്. മനുഷ്യന്റെ വലിയ ശത്രുവായ മരണത്തെ ക്രിസ്തു പരാജയപ്പെടുത്തി, മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു എന്നുള്ളതാണ് ഈ ദിവസത്തിന്റെ വലിയ സന്ദേശം. പ്രകൃതിയിൽ തന്നെ നവ ചൈതന്യത്തിന്റെ തുടിപ്പ് പ്രകടമാകുന്ന കാലത്താണ് ഉയർപ്പ് സംഭവിച്ചത്. പുനരുത്ഥാന സന്ദേശത്തിന് പ്രകൃതി തന്നെ സജ്ജമാക്കപ്പെട്ടിരുന്നു. ഇങ്ങനെ പ്രകൃതി മുഴുവൻ പുതുജീവൻ തുടിച്ചു നിൽക്കുന്ന കാലയളവിലാണ് മരണത്തെയും ജീർണതയെയും മായിച്ചുകൊണ്ടുള്ള ക്രിസ്തുവിന്റെ പുനരുത്ഥാനം സംഭവിച്ചത്. മനുഷ്യ

www.malankaralibrary.com



രാശി ഒരു പുതുജീവന് തുടക്കം കുറിക്കാനുള്ള കാരണമായിട്ടാണ് ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ കാണുന്നത്. ക്രിസ്തീയ സുവിശേഷത്തിന്റെ അടിസ്ഥാനവും ഇതാണ്. "ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥം; നിങ്ങളുടെ വിശ്വാസവും വ്യർഥം" (1 കൊറി. 15:14). ഈ വാക്കുകൾ പൗലോസ് അപ്പസ്തോലന്റേതാണ്.

ക്ലാരൻസ് ഹാൾ എന്ന പണ്ഡിതൻ ഇപ്രകാരം രേഖപ്പെടുത്തുന്നു 'ഈസ്റ്റർ' എന്തെങ്കിലും ഇന്ന് നമ്മോട് സംവേദനം ചെയ്യുന്നെങ്കിൽ അത് ഇപ്രകാരമായിരിക്കും-നിങ്ങൾക്ക് സത്യത്തെ കല്ലറയിൽ ഭദ്രമായി നിക്ഷേപിക്കാം. പക്ഷേ, അത് അവിടെ തുടരുകയില്ല. നിങ്ങൾക്ക് സത്യത്തെ കുരിശു മരത്തിന്മേൽ ആണിയടിച്ച് തറയ്ക്കാം; പുത്തൻ തുണികൊണ്ട് ചുറ്റിപ്പൊതിഞ്ഞ് കെട്ടാം എന്നിട്ട് ഒരു കല്ലറയിൽ സൂക്ഷിക്കാം; പക്ഷേ, അത് അവിടെ നിന്ന് വിജയമകുടം ചൂടി പുറത്തുവരും. ഈസ്റ്റർ ക്രൈസ്തവർക്ക് നിത്യതയുടെ സന്ദേശമാണ്. മരണത്തിലൂടെ ഉറ്റവരെ വേർപിരിയുമ്പോൾ ഇനി നിത്യതയിൽ കണ്ടുമുട്ടാമെന്ന ക്രൈസ്തവ വിശ്വാസത്തിന്റെ കാതൽ ഈ പുനരുത്ഥാനം തന്നെ.

ക്രൂശിക്കപ്പെടുമ്പോൾ ഉയർത്തെഴുന്നേൽപ്പിൽ പ്രതീക്ഷയർപ്പിക്കുക എന്ന മഹത്തായ സന്ദേശവും ഈസ്റ്റർ നല്കുന്നു. സത്യത്തിന്റെ ഉയർത്തെഴുന്നേൽപ്പ് വൈകില്ലെന്ന പ്രതീക്ഷ.

ഈസ്റ്റർ ഒരു ഭൂതകാല സംഭവം എന്ന നിലയിലല്ല ശിഷ്യന്മാരും അപ്പസ്തോലിക സഭയും കണ്ടത്. വർത്തമാനകാല ജീവിതത്തിനു ശക്തി പകരുന്ന ഒരു യാഥാർഥ്യമായി അവർ അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്തു. ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിധ്യവും സഹായവും എല്ലാ ഘട്ടത്തിലും ഏതു സാഹചര്യത്തിലും പ്രതീക്ഷിക്കാവുന്നതാണ്.

ഭയാശങ്കകൾ നിറഞ്ഞ ഹൃദയത്തോടെ, ഉത്കണ്ഠാകുലരായി മുറിയുടെ വാതിലുകൾ പോലും ബന്ധിച്ചിരിക്കുമ്പോൾ "നിങ്ങൾക്കു സമാധാനം" എന്നരുളിക്കൊണ്ടു ക്രിസ്തു സന്നിഹിതനാകുന്നു. പ്രാർഥനയ്ക്കും കൂട്ടായ്മയ്ക്കും വരുമ്പോൾ അവിടെ; അധ്വാനത്തിൽ ക്ഷീണിതരായി പരാജയഭാവത്തോടെ കഴിയുമ്പോൾ അവിടെ; വഴിയാത്ര ചെയ്യുമ്പോൾ അനുയാത്ര ചെയ്യുന്നതായും, സംശയങ്ങളും സന്ദേഹങ്ങളും ഉയരുമ്പോൾ അവയ്ക്കു പരിഹാരം കാണാൻ അവിടെയും അങ്ങനെ ജീവിതത്തിന്റെ എല്ലാ അനുഭവങ്ങളിലും അവസ്ഥകളിലും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സാന്നിധ്യവും സഹായവും അനുഭവിക്കാൻ കഴിയുന്നു.

ഈസ്റ്ററിന്റെ സന്ദേശം ഭാവിയിലേക്ക് പ്രത്യാശയും പ്രചോദനവും പകരുന്നതാണ് ഹൃദയങ്ങളെ തമ്മിൽ ചേർത്തുവയ്ക്കുന്ന സ്നേഹമാണ് ജീവിതത്തിന്റെ അടിസ്ഥാനം എന്ന് പഠിപ്പിക്കുന്ന പ്രത്യാശയാണ് ഉയിർപ്പ്. നോമ്പിന്റെ ത്യാഗവും പ്രാർഥനയുടെ സംതൃപ്തിയും ആഘോഷത്തിന്റെ ആവേശവും ഒപ്പം വേനലവധിയുടെ ആലസ്യവും ചേരുന്നതാണ് ഈസ്റ്റർ. എത്ര ആഘോഷിച്ചാലും പിന്നെയും പിന്നെയും ബാക്കി. ഓരോ ജീവിതങ്ങളെയും ക്രിസ്തുവിന്റെ ഹൃദയത്തോട് ചേർത്തുവയ്ക്കുമ്പോഴാണ് രക്ഷ പ്രാപിക്കുന്നവരാകുന്നത്. ക്രിസ്തുവിന്റെ മുറിവിനാൽ സൗഖ്യം നേടിയ പോലെ ഉയിർപ്പിൽ പങ്കാളിയായി ജീവിതവിജയം നേടാം. ദുരന്തങ്ങളും മാരകരോഗങ്ങളും മനുഷ്യജീവിതത്തെ നിരാശയിലേക്കു തള്ളിവിടുമ്പോൾ തിന്മയെ കീഴ്പ്പെടുത്തുന്ന ദൈവശക്തിയെപ്പറ്റിയുള്ള ചിന്ത ധൈര്യവും പ്രത്യാശയും പകരട്ടെ.

www.malankaralibrary.com



# A CALL FOR LIFE; A LIFE IN CHRIST



**Roshni Binu**
*Vice President, MCYM*
*DK Region, Diocese of Puttur*

"I have been crucified with Christ; it is no longer I who live, but Christ lives in me; and the life which I now live in the flesh I live by faith in the Son of God who loved me and gave Himself for me." Galatians 2:20

Live a life as another Christ; It is to adore our neighbor as ourselves (Mark 12: 31), to treat others the manner in which we want to be dealt with or treated with (Luke 6: 31). The determination to pursue Christ is to follow and spread his Word and his sympathy for others since his challenge to everyone who might be his devotees is to let him deny himself, take up his cross every day, and follow Him. "Then he said to all, "If anyone wishes to come after me, he must deny himself and take up his cross daily and follow me. " Luke 9:23.

www.malankaralibrary.com

Learning new things and exploring the world is what they are passionate about. Forming or creating a passion for Jesus & his Church and in the spiritual activities is all what we just have to do. Molding the character of youth mind is not an easy task, thou being a Christian we are called to live a life, a life which came from God & Go to God. The short span of time we spend here on the earth is what we should be most careful about. We need to think on certain questions like "Who am I?" "What is my life's purpose?" and "How can I contribute in Church & in society?" Am I acting according to my God's will?".......

There is a deep hunger in youth fellows; a hunger for love, for truth, for meaning, for belonging, and for purpose. This hunger can be satisfied with the spiritual food received in a friendship with Jesus Christ. A friendship that leads to a spirit in his Church and in the fruitful sharing of love & caring. Young disciples are called together to encounter Christ. With the right mindset and ability, youth can contribute a lot. Youth today are eager to learn and explore new things, this makes youth the most vibrant segments of all time.

We are not chosen for something. As disciples on the pilgrim path, we are called to walk with others on their journey of faith and lead them to Christ. Our father call people from all walks of life to him and accompanies them on their journey of faith. Let's encourage ourselves to be in his word, to be in his hands, to seek out formation, serve life's and Let us be missionary in our outreach.

My dear friends take time to listen to God, talk to God, and inspire others by your life. Carry the dignity of the Church, walk towards the light.... We must also encounter Life in Christ, so that we can also say as how St Paul said this statement, "Imitate me as I imitate Christ." Because Christ is the source of life. In Him, we have life and have it abundantly.

The joy of living the Christ is what I want you to experience. Remember you are the chosen one, give ear to his words; for you are created for a purpose and the creator is him. The Bible clearly explains that there is no place in the universe that is away from God's presence. His presence is everywhere; He live in Me, live in You.

Recognize the living Jesus Christ in Me & You and Let, Him to Live......

www.malankaralibrary.com



# സഭാതലസമിതി

## ടാനിയോ 2023



എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ സഭയിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നുമായി തെരഞ്ഞെടുക്കപ്പെട്ട യുവജനങ്ങൾക്ക് വേണ്ടി നടത്തിയ റിസോഴ്സ് ടീം ട്രെയിനിങ് ടാനിയോ 2023 പാറശ്ശാല ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ഏപ്രിൽ 15-ാം തീയതി രാവിലെ 9 മണി മുതൽ ചെമ്പര ത്തിവിള സെന്റ് ഫ്രാൻസിസ് സേവ്യർ മലങ്കര സുറി യാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തി.



പാറശ്ശാല ഭദ്രാസന വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട മോൺ. ജോസ് കോണത്തുവിള ഉദ്ഘാടനം ചെയ്തു. യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് എപ്പിസ്കോപ്പ സമാപന സന്ദേശം നൽകുകയും ചെയ്തു.



പാറശ്ശാല ഭദ്രാസന ആനിമേറ്റർ സി. സീനാ ജോൺ ഡി.എം., എം.സി.വൈ.എം. പതാക ഉയർത്തുകയും സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി അധ്യക്ഷത വഹിക്കുകയും ചെയ്തു. വിവിധ ഭദ്രാസന ങ്ങളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട 65 പ്രതിനിധികൾ TANIO 2023ൽ സംബന്ധിച്ചു.



പബ്ലിക് സ്പീക്കിംഗ് എന്ന വിഷയത്തിൽ റവ. ഫാ. ഷീൻ തങ്കാലയവും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ജീവിതവും ദർശനവും അടിസ്ഥാനമാക്കി മലങ്കര മേജർ സെമിനാരി പ്രൊഫസർ റവ. ഫാ. ജോസഫ് വള്ളിയാട്ടും, എം.സി.വൈ.എം. -ന്റെ ഈ വർഷത്തെ പഠന വിഷയമായ 'യുവജനങ്ങളെ ഉണരു, തിടുക്കത്തിൽ ഒന്നിച്ചു മുന്നേറാം' എന്ന വിഷയത്തിൽ സഭാതല ഡയറക്ടർ റവ. ഫാ. ഡോ. പ്രഭീഷ് ജോർജ്ജും ക്ലാസ്സുകൾ നയിച്ചു.



പാറശ്ശാല ഭദ്രാസന അസ്സി. ഡയറക്ടർ ഫാ. വിമൽ വിൻസെന്റ്, സഭാതല ജനറൽ സെക്രട്ടറി സുബിൻ തോമസ്, സഭാതല സെക്രട്ടറിമാരായ മെറിൻ മാമച്ചൻ, റോബിൻ ജോസഫ്, ജോബിൻ പുത്തൂർ, പാറശ്ശാല ഭദ്രാസന പ്രസിഡന്റ് ശരത് ലാൽ എന്നിവർ സംസാരിച്ചു.

www.malankaralibrary.com






പുത്തൂർ ഭദ്രാസന ഡയറക്ടർ ഫാ. തോമസ് കല്ലോലിക്കൽ, തിരുവല്ല അതിഭദ്രാസന ആനിമേറ്റർ സി. അലീന S.I.C, കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറിമാരായ ഷിബിൻ ഷാജി, മറിയം ടി. തോമസ് എന്നിവരും സന്നിഹിതരായിരുന്നു.

**നന്ദി....**




ഏറ്റെടുക്കുന്ന ചുമതലകളൊക്കെ വളരെ കൃത്യതയോടെ പൂർത്തീകരിക്കുവാനും ഒരു സഹോദരനെപ്പോലെ ഒപ്പമായിരുന്ന് വേണ്ട ആശയങ്ങളും തിരുത്തലുകളും സ്നേഹവും നൽകി യുവജന സഭയെ നയിക്കുവാനും അച്ചന് സാധിച്ചു.

വളരെ ചുരുങ്ങിയ കാലം കൊണ്ട് തന്റെ പേര് യുവജനങ്ങളുടെ മനസ്സിൽ പതിപ്പിക്കുവാൻ അച്ചന് സാധിച്ചു എന്നത് വളരെ സന്തോഷം നൽകുന്ന ഒരു കാര്യം തന്നെയാണ്. ആത്മീയതലത്തിലും തന്റെ ശബ്ദം യുവജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെല്ലുവാനും അതിലൂടെ യുവജനങ്ങളെ ഒന്നാകെ ഈശോയിലേക്ക് കൂടുതൽ അടുപ്പിക്കുവാനും അച്ചന് സാധിച്ചിട്ടുണ്ട്.

അതിലുപരി ഏൽപ്പിച്ച ഉത്തരവാദിത്വം വളരെ ഭംഗിയോടെ പൂർത്തീകരിച്ച് സഭാതല സമിതിയുടെ ഡയറക്ടർ സ്ഥാനമൊഴിയുന്ന എറെ സ്നേഹ ബഹുമാനപെട്ട ഫാ. എബ്രഹാം മേപ്പുറത്തിന് യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**സ്വാഗതം....**




എം.സി.വൈ.എം സഭാതല ഡയറക്ടറായി നിയമിതനായ ഫാ. ഡോ. പ്രഭീഷ് ജോർജ്ജിന് പ്രാർത്ഥനാപൂർവ്വം സ്വാഗതം....

**സത്യപ്രതിജ്ഞ**

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് സഭാതല ഡയറക്ടറായി ഫാ. ഡോ. പ്രഭീഷ് ജോർജ്ജ് സഭയുടെ

www.malankaralibrary.com





തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ തിരുമനസിന്റെ മുൻപാകെ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുത്തു.

ഏപ്രിൽ 11-ാം തീയതി തിരുവനന്തപുരം കാതോലിക്കേറ്റ് സെന്റർ ചാപ്പലിൽ വച്ച് നടത്തപ്പെട്ട സത്യപ്രതിജ്ഞ ചടങ്ങിൽ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് എപ്പിസ്കോപ്പ, പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത എന്നിവർ സാന്നിധ്യം കൊണ്ട് അനുഗ്രഹിച്ചു.

സഭാതല മുൻ ഡയറക്ടർ ഫാ. എബ്രഹാം മേപ്പുറത്ത്, സഭാതല സമിതി പ്രസിഡന്റ് എയ്ഞ്ചൽ മേരി, തിരുവനന്തപുരം മേജർ അതിഭദ്രാസന ഡയറക്ടർ ഫാ. ജോസഫ് തോട്ടത്തിൽകടയിൽ, പാറശ്ശാല ഭദ്രാസന അസിസ്റ്റന്റ് ഡയറക്ടർ ഫാ. വിമൽ വിൻസെന്റ് സഭാതല ജനറൽ സെക്രട്ടറി സുബിൻ തോമസ്, പാറശ്ശാല ഭദ്രാസന പ്രസിഡന്റ് ശരത് ലാൽ എന്നിവർ സന്നിഹിതരായിരുന്നു.



## പ്രാഥമിക ആലോചന മീറ്റിംഗ്

ദൈവദാസൻ ആർച്ച് ബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മത്തിരുനാളി നോനുബന്ധിച്ച് നടത്തപ്പെടുന്ന പ്രധാന പദയാത്രയുമായി ബന്ധപ്പെട്ട് അതിന്റെ ക്രമീകരണങ്ങൾക്കായി എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ പ്രാഥമിക ആലോചന മീറ്റിംഗ് നടത്തപ്പെട്ടു.

തിരുവനന്തപുരം മേജർ ആർച്ച്ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തപ്പെട്ട മീറ്റിങ്ങിൽ സഭാതല പ്രസിഡന്റ് ശ്രീമതി എയ്ഞ്ചൽ മേരി അധ്യക്ഷത വഹിച്ചു. യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാത്യൂസ് പോളി കാർപ്പസ് എപ്പിസ്കോപ്പ, സഭാതല സമിതിയുടെ മുൻ ഡയറക്ടർമാരായ പെരിയ ബഹുമാനപ്പെട്ട ഫാ. തോമസ് കയ്യാലക്കൽ, ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ, സഭാതല സമിതി ഡയറക്ടർ ഫാ. എബ്രഹാം മേപ്പുറത്ത്, നിയുക്ത ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ്, തിരുവനന്തപുരം മേജർ അതിഭദ്രാസന ഡയറക്ടർ ഫാ. ജോസഫ് തോട്ടത്തിൽ കടയിൽ, പത്തനംതിട്ട ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ, സഭാതല ജനറൽ സെക്രട്ടറി സുബിൻ തോമസ്, തിരുവനന്തപുരം മേജർ അതിഭദ്രാസന പ്രസിഡന്റ് രഞ്ജിത ആർ. ജെ., ജനറൽ സെക്രട്ടറി ബിനോ ഗിൽബർട്ട്, പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ്, ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം എന്നിവർ പങ്കെടുത്തു.

## തിരുവനന്തപുരം മേജർ അതിഭദ്രാസനം

### പെണ്മ 2K23 (വനിതാ സംഗമം)

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പെണ്മ 2K23 - വനിതാ സംഗമം നടത്തപ്പെട്ടു. പെണ്മ 2K23 ഔദ്യോഗികമായ ഉദ്ഘാടനം അഡ്വക്കേറ്റ് വീണ എസ്. നായർ നിർവഹിച്ചു. ഈ സമ്മേളനത്തിന് എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന പ്രസിഡന്റ് കുമാരി രഞ്ജിത ആർ.ജെ., അധ്യക്ഷത വഹിച്ചു. എം.സി.വൈ. എം. തിരുവനന്തപുരം മേജർ അതിഭദ്രാസന ആനിമേറ്റർ റവ. ഡോ. ദിവ്യ ജോസ് ഡി. എം. ആമുഖ പ്രഭാഷണം നടത്തി. തിരുവനന്തപുരം മേജർ അതിഭദ്രാസന വികാരി ജനറൽ പെരിയ ബഹുമാനപ്പെട്ട തോമസ് കയ്യാലക്കൽ അച്ചൻ, കഴക്കൂട്ടം വൈദിക ജില്ലാ വികാരി ബഹുമാനപ്പെട്ട ജോസഫ് വെൺമാനത്ത് അച്ചൻ, ഡയറക്ടർ ബഹുമാനപ്പെട്ട ജോസഫ് തോട്ടത്തിൽ കടയിൽ അച്ചൻ, എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആദ്യ വനിതാ പ്രസിഡന്റ് ശ്രീമതി. മിനി മേരി എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. തിരുവനന്തപുരം മേജർ അതിഭദ്രാസന അസിസ്റ്റന്റ് ഡയറക്ടർ ബഹുമാനപ്പെട്ട അലോഷ്യസ് അച്ചൻ, കഴക്കൂട്ടം വൈദിക ജില്ല ഡയറക്ടർ ബഹുമാനപ്പെട്ട തോമസ് മുകളുംപുറത്ത് അച്ചൻ,

www.malankaralibrary.com





കുറ്റിയാണി യൂണിറ്റ് ഡയറക്ടർ ബഹുമാനപ്പെട്ട രാജു പരുക്കൂർ അച്ചൻ എന്നിവർ സന്നിഹിതരായിരുന്നു. പെണ്മ 2K23 വേദിയിൽ വച്ച് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ കലാ, കായിക, വിദ്യാഭ്യാസ മേഖലകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ യുവതികളെ ആദരിച്ചു.പെണ്മ 2K23 വേദിയിൽ ശ്രീമതി. ഫ്ലോറൻസ് ഫ്രാൻസിസ് യുവതികൾ നേതൃനിരയിലേക്ക് വരേണ്ടതിന്റെയും ആവശ്യകതയെ പറ്റിയും വനിതാ ശാക്തീകരണത്തെക്കുറിച്ചും ക്ലാസ് നയിച്ചു.

## അടിയന്തര സെനറ്റ് സമ്മേളനം



എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അടിയന്തര സെനറ്റ് സമ്മേളനം ഏപ്രിൽ 21 വെള്ളിയാഴ്ച ഉച്ചയ്ക്ക് രണ്ടു മണിക്ക് കഴക്കൂട്ടം വൈദിക ജില്ലയിലെ കുറ്റിയാനി യൂണിറ്റിൽ വച്ച് എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനം പ്രസിഡന്റ് കുമാരി രഞ്ജിത ആർ.ജെ യുടെ അധ്യക്ഷതയിൽ നടത്തി. വൈദിക ജില്ലകളിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി, സിൻഡിക്കേറ്റ്, സെനറ്റ് അംഗങ്ങൾ പങ്കെടുത്തു.

## RHEMA (സമ്പൂർണ്ണ ബൈബിൾ പാരായണം)

ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും... ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമായ തിരുവചനം...

100 ദിനങ്ങൾ...73 പുസ്തകങ്ങൾ... 189 അധ്യായങ്ങൾ... 31103 വചനങ്ങൾ.... 807,361 വാക്കുകൾ...

സഭയിലെ മുഴുവൻ യുവജനങ്ങളും സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തുക എന്ന ലക്ഷ്യത്തോടെ എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ 100 ദിവസം കൊണ്ട് ബൈബിൾ പാരായണം നടത്തുന്നു. ഏപ്രിൽ 9 ഈസ്റ്റർ ദിനത്തിൽ തുടങ്ങി 100 ദിവസം നീണ്ടുനിൽക്കുന്ന രീതിയിൽ ആണ് ഇത് ക്രമീകരിച്ചിരിക്കുന്നത്. ഓരോ ദിവസവും വായിക്കേണ്ട വേദഭാഗങ്ങൾ ഓരോ ദിവസവും സാമൂഹ്യ മാധ്യമങ്ങളിലൂടെ നൽകുന്നു.

## ബത്തേരി ഭദ്രാസനം

## 'മിസിയോ'- മിഷൻ വിസിറ്റ് നടത്തി

എം.സി.വൈ.എം. ബത്തേരി ഭദ്രാസന ഭാരവാഹികൾ ഭദ്രാസനത്തിന്റെ മിഷൻ പ്രദേശമായ ത്രിപുര സന്ദർശിച്ച് മിഷൻ പ്രവർത്തനങ്ങളിലേർപ്പെട്ടു. 2023 ഏപ്രിൽ 23 ന് ആരംഭിച്ച മിഷൻ 27-ാം തീയതി അവസാനിപ്പിച്ചു. ഭദ്രാസനാധ്യക്ഷൻ അഭി. ഡോ. ജോസഫ് മാർ തോമസ് പിതാവിനോടൊപ്പം മിഷൻ വില്ലേജുകളായ - മന്തായി, റായ് ക്കാനായി, റെയിശാബാരി, എന്നീ പ്രദേശങ്ങൾ സന്ദർശിച്ചു. ഭദ്രാസനത്തിലെ വിവിധ യൂണിറ്റുകളിൽ നിന്നും വ്യക്തികളിൽ നിന്നും യുവജനങ്ങൾ സമാഹരിച്ച തുക മിഷൻ പ്രവർത്തനങ്ങൾക്കായി കൈമാറി.

ഭദ്രാസന ഡയറക്ടർ ഫാ. ഫിലിപ്പ് മുടമ്പള്ളി കുഴിയിൽ, ആനിമേറ്റർ സി. ശാലീന മാത്യു ഡി എം, ഭദ്രാസന പ്രസിഡന്റ് ദിൽജു മാത്യു, ട്രഷറർ ഡെറിൻ ജോർജ്, സെക്രട്ടറി അഞ്ജിത റെജി, KCYM സിൻഡിക്കേറ്റ് ജിബി ഏലിയാസ്, MCYM സഭാതല സെക്രട്ടറി റോബിൻ ജോസഫ്, പങ്കെടുത്തു. ഫാ. മാത്യു

www.malankaralibrary.com





മണൽവിള OIC, ഫാ. വർഗീസ് കുട്ടരേഴിയത്ത്, ഫാ. അഗസ്റ്റിൻ കിഴക്കേടത്ത് OIC, സി. അമൂല്യ DM, സി. മാർഗ്ഗരറ്റ് DM, സി. സുമ SIC, സി ലിസാ SIC എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## പത്തനംതിട്ട ഭദ്രാസനം

### നോമ്പുകാല ചിന്തകൾ

സഭയിൽ പരിശുദ്ധ വലിയ നോമ്പ് ആചരിക്കുന്ന




തിന്റെ ഭാഗമായി വലിയ നോമ്പിന്റെ അൻപതു ദിവസങ്ങളിലും ദൈവവചനം, ധ്യാനചിന്ത, പ്രാർത്ഥന എന്നിവ ഉൾപ്പെടുത്തി ഡെയിലി പോസ്റ്റർ ചെയ്ത് സോഷ്യൽ മീഡിയായിലൂടെ യുവജന സഭയുടെ നേതൃത്വത്തിൽ പ്രചരിപ്പിച്ചു.

### വനിതാ ദിനാചരണം

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ വനിതാ ദിനത്തിന്റെ ഭാഗമായി പത്തനംതിട്ട ഭദ്രാസനത്തിലെ എം.സി. വൈ. എം. യൂണിറ്റുകളിലെ വനിതാ പ്രസിഡന്റുമാരെ ആദരിച്ചു. എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിരൂപതയുടെ പ്രസിഡന്റ് കുമാരി രഞ്ജിത ആർ. ജെ. വനിതാ ദിനാചരണത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

### LENTEN TALK : നോമ്പ്കാല ചിന്തകൾ





വലിയ നോമ്പിലെ ഞായറാഴ്ചകളിലെ ബൈബിൾ ഭാഗങ്ങൾ വിചിന്തനം ചെയ്യുന്ന വീഡിയോ സീരീസ് എം.സി.വൈ.എം.ന്റെ നേതൃത്വത്തിൽ പുറത്തിറക്കി. പത്തനംതിട്ട ഭദ്രാസനത്തിലെ ഭദ്രാസന-വൈദിക ജില്ലാ ആനിമേറ്റർ സിസ്റ്റർമാരാണ് പ്രസ്തുത വീഡിയോ സീരീസിൽ കൂടി നോമ്പുകാല ചിന്തകൾ പങ്കുവെച്ചത്.

www.malankaralibrary.com



## കുരിശിന്റെ വഴിയേ




വലിയ നോമ്പിന്റെ അവസാന 14 ദിവസങ്ങളിൽ കുരിശിന്റെ വഴിയുടെ വോയിസ് ഓവറുകൾ ചെയ്ത് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നവമാധ്യമങ്ങളിൽക്കൂടി പ്രദർശിപ്പിച്ചു.

## 'കരുതലായ് കെ.സി.വൈ.എം' സംസ്ഥാനതല ഉദ്ഘാടനം






2023 പ്രവർത്തന വർഷത്തിലെ കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ കാരുണ്യത്തിന്റെ കരങ്ങൾ എന്ന ഉപവിഷയത്തെ മുൻനിർത്തി സമൂഹത്തിൽ കാരുണ്യത്തിന്റെ മുഖമായി മാറുവാൻ കരുതലായ് കെ.സി.വൈ.എം. എന്ന പേരിൽ നടത്തപ്പെടുന്ന വിവിധ കാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഏപ്രിൽ 4-ാം തീയതി പത്തനംതിട്ട ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ പത്തനംതിട്ട ബിഷപ്പ് ഹൗസിൽ വച്ച് പത്തനംതിട്ട ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. സാമുവൽ മാർ ഐറേനിയോസ് നിർവഹിച്ചു.

കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷാരോൺ കെ. റെജി അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ തോമസ് ചാലക്കര ആമുഖപ്രഭാഷണം നടത്തി. കാലിൽ ചിറകുള്ള കർമനിരതരായ യൗവനമായി യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം വഴി നമ്മുടെ മുന്നിൽ വെളിവായ കരുതലിന്റെ മുഖം സമൂഹത്തിനു കാണിച്ചു കൊടുക്കുവാൻ കെ.സി.വൈ.എം. പ്രവർത്തനങ്ങൾക്കു സാധിക്കട്ടെ എന്നും കർമനിരതരായി അപരനിൽ യേശുവിനെ ദർശിച്ച് അവരെ കരുതുവാനും ശുശ്രൂഷിക്കുവാനും അങ്ങനെ സമൂഹത്തിൽ യുവജനങ്ങൾ കാരുണ്യത്തിന്റെയും കരുതലിന്റെയും മുഖമായി മാറുവാനും സാധിക്കട്ടെ എന്ന് അഭിവന്ദ്യ ഐറേനിയോസ് പിതാവ് തന്റെ ഉത്ഘാടന പ്രസംഗത്തിൽ കൂട്ടിച്ചേർത്തു.

ചടങ്ങിൽ വച്ച് കെ.സി.വൈ.എം. സംസ്ഥാന സമിതി ഒരു വർഷക്കാലം തുടർന്നുപോകുന്ന 'കരുതലായ് കെ.സി.വൈ.എം. 2023' പരിപാടിയുടെ ലോഗോ അഭിവന്ദ്യ ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ പ്രകാശനം ചെയ്തു. കാരുണ്യ പ്രവർത്തനത്തിനായുള്ള ആദ്യ സംഭാവന എം.സി.വൈ.എം. കിഴവള്ളൂർ യൂണിറ്റ് അംഗവും യുവസംരംഭകനും ബ്ലൂ സ്കൈ ഇന്റർനാഷണൽ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മാനേജിങ് പാർട്ണറുമായ ശ്രീ. ലിബിൻ മാത്യു അഭിവന്ദ്യ പിതാവിന് പ്രസ്തുത പരിപാടിയിൽ വച്ച് കൈമാറി.

കെ.സി.വൈ.എം. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ജോജി ടെന്നിസൺ, പത്തനംതിട്ട ഭദ്രാസന ഡയറക്ടർ റവ. ഫാ. സ്കറിയ പതാലിൽ, ഭദ്രാസന പ്രസിഡന്റ് ശ്രീ. അജോഷ് എം. തോമസ്, ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ എബ്രഹാം എന്നിവർ സംസാരിച്ചു.

www.malankaralibrary.com



## VISITA 2023




ഭദ്രാസനതല പ്രവർത്തനങ്ങളെ വിലയിരുത്തുവാനും ആശയങ്ങൾ രൂപീകരിക്കാനും കെ.സി.വൈ.എം. സംസ്ഥാന സമിതി പത്തനംതിട്ട ഭദ്രാസന വിസിറ്റ് നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി. എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ കെ.സി.വൈ.എം. സംസ്ഥാന സമിതിയെ ഹൃദ്യമായി പത്തനംതിട്ട ഭദ്രാസനത്തിലേക്ക് സ്വീകരിച്ചു.

കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ.ഷാരോൺ കെ. റെജി അധ്യക്ഷത വഹിച്ച യോഗത്തിൽ കെ.സി.വൈ.എം. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ജോജി ടെന്നിസൺ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ തോമസ് ആമുഖപ്രഭാഷണം നടത്തി. പത്തനംതിട്ട ഭദ്രാസന ഡയറക്ടർ ഫാ. സ്കറിയ പതാലിൽ സംസ്ഥാന സമിതിയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഭദ്രാസന പ്രസിഡന്റ് ശ്രീ. അജോഷ് എം. തോമസ് സംസ്ഥാന സമിതിയുമായി ആശയങ്ങൾ പങ്കുവെച്ച് സംസാരിച്ചു.

## SANCTA VIA

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഏപ്രിൽ മാസം 21, 22 തീയ



തികളിൽ ഭദ്രാസനത്തിലെ സെനറ്റ് അംഗങ്ങൾക്കായി മലയാറ്റൂർ തീർത്ഥാടനം സംഘടിപ്പിച്ചു. പ്രസ്തുത തീർത്ഥാടനത്തിന്റെ ഭാഗമായി മലയാറ്റൂർ കുരിശുമല യുവജന നേതാക്കന്മാരുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി കയറുകയും മറ്റ് തീർത്ഥാടന ദൈവാലയങ്ങൾ സന്ദർശിച്ചു പ്രാർത്ഥിക്കുകയും ചെയ്തു.

## ടാനിയോ - 2023




എം.സി.വൈ.എം. സഭാതല സമിതി നടത്തിയ ടാനിയോ-2023 റിസോഴ്സ് ടീം ട്രെയിനിങ് പ്രോഗ്രാമിൽ പത്തനംതിട്ട ഭദ്രാസനത്തെ പ്രതിനിധീകരിച്ചു കൊണ്ട് യുവജന നേതാക്കന്മാർ പങ്കെടുത്തു.

## മാവേലിക്കര ഭദ്രാസനം

### ഐഡി കാർഡ് വിതരണം

2023 വർഷത്തിലെ മെമ്പർഷിപ്പ് ക്യാമ്പയിന്റെ ഭാഗമായുള്ള QR കോഡോടു കൂടിയ ഡിജിറ്റൽ ഐഡി കാർഡുകൾ യുവജനങ്ങൾക്ക് അയച്ചു കൊടുത്തു.



www.malankaralibrary.com



## പാറശ്ശാല ഭദ്രാസനം

### അസ്സീസിയൻ സൗഹൃദം



എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഭദ്രാസന-വൈദിക ജില്ലാ ഭാരവാഹികളുടെ സംഗമം, അസ്സീസിയൻ സൗഹൃദം ഏപ്രിൽ 23 ഞായറാഴ്ച മൈലക്കര ദൈവാലയത്തിൽ വച്ചു ഭദ്രാസന ആനിമേറ്റർ സി. സീന ജോൺ ഡി.എം. പതാക ഉയർത്തി ആരംഭിച്ചു. കളിയും ചിരിയും അതിലുപരി സൗഹൃദവും ഒത്തിണങ്ങിയ വേദിയിൽ വ്യത്യസ്ത രീതിയിലുള്ള സൗഹൃദത്തെക്കുറിച്ച് റവ. ഫാ. ഷീൻ തങ്കാലയം ക്ലാസ്സ് നയിച്ചു. തുടർന്ന് ഭാരവാഹികളെ മൂന്നു ഗ്രൂപ്പുകളായി തിരിച്ചു സൗഹൃദത്തിന്റെ വ്യത്യസ്ത തലങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് അഭിപ്രായങ്ങൾ പങ്ക് വച്ചു. സഭാതല ഡയറക്ടർ സ്ഥാനം ഏറ്റെടുത്ത പാറശ്ശാല ഭദ്രാസന ഡയറക്ടർ ബഹുമാനപ്പെട്ട ഡോ. പ്രഭീഷ് ജോർജ് അച്ചനെ ഭദ്രാസന സമിതി ആദരിക്കുകയും നാമഹേതുക തിരുനാൾ ആഘോഷിക്കുകയും ചെയ്തു. ബഹു. വിമൽ വിൻസെന്റ് അച്ചന്റെ നേതൃത്വത്തിൽ നടന്ന വിവിധ കളികൾ അസ്സീസിയൻ സൗഹൃദവേദി കൂടുതൽ ആഹ്ലാദപ്രദമാക്കി.

പരിപാടികൾക്ക് ആതിഥേയത്വം വഹിച്ച മൈലക്കര യൂണിറ്റിനും വികാരി വിമൽ വിൻസന്റ് അച്ചനും പാറശ്ശാല ഭദ്രാസന യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

### Tanio 2023








എം.സി.വൈ.എം. സഭാതല റിസോഴ്സ് ട്രെയിനിംഗ് പ്രോഗ്രാം Tanio 2023 പാറശ്ശാല ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടന്നു. ചെമ്പരത്തിവിള ദൈവാലയത്തിൽ ഏപ്രിൽ 15 ശനിയാഴ്ച നടന്ന പരിശീലന പരിപാടിയിൽ പാറശ്ശാല ഭദ്രാസനത്തിൽ നിന്നും ഇരുപതോളം യുവജനങ്ങൾ പങ്കെടുത്തു.

ക്രമീകരണങ്ങൾക്ക് ചെമ്പരത്തിവിള യൂണിറ്റ് നേതൃത്വം നൽകി.

### പ്രാർത്ഥനാശംസകൾ

മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് സഭാതല സമിതി ഡയറക്ടറായി ചുമതലയേറ്റ എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന ഡയറക്ടർ ഡോ. പ്രഭീഷ് ജോർജ് അച്ചന് പാറശ്ശാല ഭദ്രാസന യുവജന കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.



www.malankaralibrary.com



## അസ്സീസിയൻസ് @ കാൽവരി



കഷ്ടനുഭവ ആഴ്ചയിൽ നമ്മുടെ കർത്താവിന്റെ കുരിശു യാത്രയുടെ പുണ്യം ആവാഹിക്കാൻ പാറശ്ശാല ഭദ്രാസനത്തിലെ യുവജനങ്ങൾ അസ്സീസിയൻസ് @കാൽവരി യാത്രയിൽ അണിനിരന്നു.

2023 ഏപ്രിൽ 2 ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം നടന്ന ഭക്തിനിർഭരമായ കുരിശിന്റെ വഴിയിൽ നൂറ്റമ്പതോളം യുവജനങ്ങൾ പ്രാർത്ഥനാപൂർവ്വം നീരാഴിക്കോണം കുരിശുമല കയറി പ്രാർത്ഥിച്ചു.

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നടന്ന അസ്സീസിയൻസ് @ കാൽവരി കുരിശുമല കയറ്റത്തിന് ആതിഥേയത്വം വഹിച്ച ചെമ്പൂർ വൈദിക ജില്ലയ്ക്കും ക്രമീകരണങ്ങൾ ചെയ്ത നീരാഴിക്കോണം യൂണിറ്റിനും ബഹു. ജോസഫ് മേക്കുംകര അച്ചനും വചന സന്ദേശം നൽകിയ ഫാ. അഗസ്റ്റിൻ ഒ.ഐ.സി.യ്ക്കും പാറശ്ശാല ഭദ്രാസന യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## വനിതാദിനാഘോഷം 2023

പാറശ്ശാല ഭദ്രാസനത്തിലെ ഈ വർഷത്തെ വനിതാദിനാഘോഷം ചെമ്പരത്തിവിള ദൈവാലയത്തിൽ വച്ച് എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ 2023 മാർച്ച് 19 നു നടന്നു.

പാറശ്ശാല ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ മുഖ്യസന്ദേശം നൽകി ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ എം.സി.വൈ.എം. സഭാതലസമിതി പ്രസി



ഡന്റ് എയ്ഞ്ചൽ മേരി അധ്യക്ഷത വഹിച്ചു. ഭദ്രാസന വൈസ് പ്രസിഡന്റ് ശ്യാം രാജ് സ്വാഗതവും കെ.സി.വൈ.എം. സിൻഡിക്കേറ്റ് സെലിൻ ചന്ദ്രബാബു നന്ദിയും അറിയിച്ചു. ഭദ്രാസന ഡയറക്ടർ റവ. ഫാ. ഡോ. പ്രദീഷ് ജോർജ്ജ്, ഭദ്രാസന പ്രസിഡന്റ് ശരത് ലാൽ റ്റി. എസ്. എന്നിവർ സന്നിഹിതരായിരുന്നു. തിരുവനന്തപുരം പരുത്തിപ്പള്ളി റേഞ്ച്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീമതി റോഷ്നി ജി. എസ്., പ്രകൃതിയും പ്രകൃതിയിലെ ജീവജാലങ്ങളുമായുള്ള ബന്ധത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. അതോടൊപ്പം വനിതകൾ വ്യത്യസ്തമായ കർമവേദികളിൽ നേതൃത്വത്തിലേയ്ക്ക് വരേണ്ട ആവശ്യകതയെക്കുറിച്ചു സ്വന്തം അനുഭവത്തിലൂടെ പങ്കുവച്ചത് യുവതികൾക്ക് ഏറെ പ്രചോദനം നൽകുന്നതായിരുന്നു. തദവസരത്തിൽ യൂണിറ്റുകളുടെ ചുമതല വഹിക്കുന്ന വനിതാ പ്രസിഡന്റ്മാരെ അഭിവന്ദ്യ പിതാവ് മെമെന്റോ നൽകി ആദരിച്ചു.

# തിരുവല്ല അതിഭദ്രാസനം

## റീഹോാദ് സൗമോ

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനം മീഡിയ - ഇന്റർസെഷൻ മിനിസ്ട്രികളുടെ സംയുക്ത നേതൃത്വത്തിൽ ഈശോയുടെ പീഡാനുഭവത്തിലേക്കും ഉത്ഥാനത്തിലേക്കും യോഗ്യതാപൂർവ്വം പ്രവേശിക്കാൻ നമ്മെ ഒരുക്കുക എന്ന ലക്ഷ്യത്തോടെ ഓരോ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ നോമ്പുകാല ചിന്തകൾ എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ ഔദ്യോഗിക Youtube ചാനൽ വഴി നോമ്പിന്റെ 50 ദിവസവും പങ്കുവെക്കുന്നു.

## നോമ്പു കാല യുവജന ധ്യാനം - 'Lenten Journey'

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന ഇന്റർസെഷൻ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ വിവിധ മേഖലകളിൽ ക്രമീകരിച്ച പരിശുദ്ധ വലിയ നോമ്പുകാല യുവജന ധ്യാനം 'Lenten Journey' യുടെ സമാപനം ഏപ്രിൽ 1-ാം തീയതി കോട്ടയം, റാന്നി മേഖലകളിൽ നടന്നു.

www.malankaralibrary.com






## Diocese of Pune-Khadki

### Sancte-Vita

Sancte-Vita is an initiate to bring awareness and lead youth towards Prolife. The introductory session was conducted by the Eparchial MCYM on 23rd April at 5.00 pm through Zoom platform. The session was taken by Mr. Dino Raj Paul, National coordinator for Prolife Ministry, India & Jesus Youth ministry.

Through this programme plan the Eparchial team wishes to create a ministry/team those can coordinate and promote the need of Prolife for our youth. 60 youth participated in the event and the session will be posted on the MCYM YouTube channel next week.

### പ്രാർത്ഥനാശംസകൾ

പൗരോഹിത്യ ശുശ്രൂഷയിൽ അനുഗൃഹീതമായ 25 വർഷങ്ങൾ പൂർത്തീകരിച്ച എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന ഡയറക്ടർ ബഹു. എബ്രഹാം തൈപ്പറമ്പിൽ അച്ചനും സന്യാസ ജീവിതത്തിൽ അനുഗൃഹീതമായ 25 വർഷങ്ങൾ പൂർത്തിയാക്കിയ എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന യൂത്ത് കോർഡിനേറ്റർ ബഹു. അലീന SIC സിസ്റ്ററിനും അതിഭദ്രാസന യുവജന കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

### ടാനിയോ-2023

എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ നടന്ന റിസോഴ്സ് ടീം പരിശീലനം ടാനിയോ-2023 ൽ തിരുവല്ല അതിഭദ്രാസനത്തിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു.